നം - എൻ2/49655/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 08/2016
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2016-17 - അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ- നൽകുന്നത്.

സൂചന :- 1. കേന്ദ്ര സർക്കാർ കത്ത് എഫ് നം.9-4/2016 - എസ്.എസ്, തീയതി.14/07/2016

2. ഈ ആഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി. 21/07/2016.

കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പാക്കുന്ന 2016-17 വർഷത്തെ ന്യൂനപക്ഷ വിഭാഗം സ്കൂൾകുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് I മുതൽ X വരെയുള്ള ക്ലാസ്സുകളിലെ (സർക്കാർ/എയ്ഡഡ്/എം.ജി.എൽ.സി/പ്രൈവറ്റ് സ്കൂൾ) വിദ്യാർത്ഥികളിൽ നിന്നും സൂചന പ്രകാരം അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ **(NSP)** വഴി **www.scholarships.gov.in** എന്ന വെബ് സൈറ്റിലൂടെ 15/08/2016 നു ശേഷം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം നൽകിയിട്ടുണ്ട്. മറ്റ് പൊതുവായ നിർദ്ദേശങ്ങൾ കൂടി ചുവടെ പറയുന്നു.

## പൊതു നിർദ്ദേശങ്ങൾ :-

1. **Mozilla Firefox, Google Crome** എന്നീ ഇന്റർനെറ്റ് ലിങ്കുകളിൽ കൂടി **www.scholarships.gov.in** എന്ന വെബ്സൈറ്റിൽ **National Scholarship Portal** ലിൽ വിവരങ്ങൾ/ഓൺലൈൻ അപേക്ഷ നൽകാവുന്നതാണ്.
2. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ ഓപ്ഷനിലൂടെ പുതിയ **Application ID** ലഭിച്ച ശേഷം **Fresh/Renewal** അപേക്ഷ പൂരിപ്പിക്കേണ്ടതാണ്.
3. **Student Registration Form** ൽ വളരെ ശ്രദ്ധയോടെ ഓരോ കോളവും/എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. അപ്പോൾ കിട്ടുന്ന **Application ID** നഷ്ടപ്പെടാതെ എഴുതി സൂക്ഷിക്കേണ്ടതാണ്.
4. പൂർണ്ണമായ ആപ്ലിക്കേഷൻ **Submit** ചെയ്തു കഴിഞ്ഞാൽ, പ്രിന്റ് എടുത്ത് സൂക്ഷിക്കുക.
5. ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം)/അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ ഐ.സി.എസ്.സി/എം.ജി.എൽ.സികൾ എന്നീ സ്കൂളുകളിലെ I മുതൽ X വരെ ക്ലാസ്സുകളിലെ കുട്ടികളുടെ അപേക്ഷകൾ ഓൺലൈനായി മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.
6. രക്ഷകർത്താക്കളുടെ വാർഷികവരുമാനം 1,00,000/- രൂപാ (ഒരു ലക്ഷം രൂപ) വരെയുള്ളവരും മുൻവാർഷികപരീക്ഷയിൽ 50 ശതമാനമോ അതിൽ കൂടുതലോ മാർക്ക് കരസ്ഥമാക്കിയവരുമായ കുട്ടികൾക്കാണ് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളത്. 1-ാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.
7. ഒരു കുടുംബത്തിൽ നിന്ന് പരമാവധി 2 കുട്ടികൾക്ക് മാത്രമേ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹതയുള്ളൂ.
8. അപേക്ഷയോടൊപ്പം കുട്ടിയുടെ മതം തെളിയിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, രക്ഷകർത്താവിന്റെ വരുമാനം തെളിയിക്കുന്നതിന്, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, ഉദ്യോഗമുള്ളവർ അതാത് സ്ഥാപനം നൽകുന്ന വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് (വരുമാനം, മതം എന്നിവ തെളിയിക്കുന്ന സത്യവാങ്മൂലങ്ങൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും)

9 സ്കൂൾ മാറിയിട്ടുള്ള അപേക്ഷകരുടെ മാർക്ക്/ഗ്രേഡ്, സ്റ്റാറ്റസ് (റിന്യൂവൽ/ഫ്രഷ്) എന്നിവ മുമ്പ് പഠിച്ചിരുന്ന സ്കൂളിൽ നിന്നും നൽകിയ സർട്ടിഫിക്കറ്റുമായി ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്.

10. അപേക്ഷകന്റെ പേരിലുള്ള **Bank Account Number, IFS Code, Name of Bank** എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പുമായി ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്. (**Bank Account Number, IFS Code, Name of Bank** എന്നിവ തെറ്റായി രേഖപ്പെടുത്തിയാൽ സ്കോളർഷിപ്പ് തുക ലഭിക്കുന്നതല്ല).

11. ദേശസാൽകൃത ബാങ്കുകളിൽ മാത്രമേ സ്കോളർഷിപ്പിനായി കുട്ടികൾ അക്കൗണ്ട് ആരംഭിക്കുവാൻ പാടുള്ളൂ.

12. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് **Aadhaar** നിർബന്ധമാണ്. ആധാർ നമ്പർ ബാങ്ക് അക്കൗണ്ട് നമ്പരുമായി ലിങ്ക് ചെയ്യേണ്ടതാണ്.

13. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ മെയിന്റനൻസ് അലവൻസായി 1000/- രൂപ രേഖപ്പെടുത്തിയാൽ മതിയാകും.

14. സവിശേഷ സഹായം ആവശ്യമായ 40% മുതൽ 80% വരെ അംഗപരിമിതരായ കുട്ടികൾക്ക് മുൻ വർഷത്തെ യോഗ്യതാ പരീക്ഷയിൽ 33% മാർക്ക് മതിയാകുന്നതാണ്. ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ രക്ഷകർത്താവിന്റെ വാർഷിക വരുമാന പരിധി 2 ലക്ഷം രൂപയാണ്.

15. ആപ്ലിക്കേഷൻ **Submit** ചെയ്തു കഴിഞ്ഞാൽ, പ്രിന്റ് എടുത്ത് സൂക്ഷിക്കുക.

16. താഴെപറയുന്ന രേഖകൾ കൂടി ഓൺലൈൻ അപേക്ഷയോടൊപ്പം സ്കാൻ ചെയ്ത് (പ്രത്യേക ഓപ്ഷൻ നൽകിയിട്ടുണ്ട്) സമർപ്പിക്കേണ്ടതാണ്.

അപ് ലോഡ് ചെയ്യേണ്ട രേഖകൾ:

1. ഡൊമിസൈൽ (റസിഡൻഷ്യൽ സർട്ടിഫിക്കേറ്റ്)
2. കുട്ടികളുടെ ഫോട്ടോ
3. സ്കൂളിൽ നിന്നുള്ള വെരിഫിക്കേഷൻ സർട്ടിഫിക്കേറ്റ്.
4. 'ജാതി' സംബന്ധിച്ച് രക്ഷിതാവിന്റെ/കുട്ടിയുടെ സ്വയം-സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന.
5. 'വരുമാനം' സംബന്ധിച്ച് രക്ഷിതാവിന്റെ/കുട്ടിയുടെ സ്വയം-സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന.
6. മുൻവർഷത്തെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
7. കുട്ടിയുടെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്
8. കുട്ടിയുടെ ആധാർ കാർഡിന്റെ പകർപ്പ്
9. ട്യൂഷൻ ഫീസ് നൽകുന്ന കുട്ടികൾ ഫീസ് രസീത് സ്കാൻചെയ്ത്-അപ്‌ലോഡ് ചെയ്യേണ്ടതും, മറ്റുകുട്ടികൾ ഫോർമാറ്റിൽ **"No Fees"** -എന്ന് രേഖപ്പെടുത്തി അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

- ❖ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപേക്ഷകരെ സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല.
- ❖ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. **31/08/2016**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് - 1. എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും
2. എല്ലാ സ്കൂളധികാരികൾക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖേന)

**NB:** - എല്ലാ സ്കൂൾ അധികാരികൾക്കും (അൺഎയ്ഡഡ് (അംഗീകാരമുള്ളവ), അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.സി/ എം.ജി.എൽ.സികൾ സ്കൂളുകൾ ഉൾപ്പെടെ) ഡി.ഇ.ഒ/എ.ഇ.ഒ മുഖേന നിർബന്ധമായും നൽകേണ്ടതും ആവശ്യപ്പെടുന്ന സംശയങ്ങൾ തീർത്തുകൊടുക്കേണ്ടതുമാണ്.